LIBRARY ARCHIVES Kerala Legislative Assembly

വെള്ളോറയിൽ പുതിയ മാവേലിസ്റ്റോർ

247 (7218) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ വെള്ളോറയിൽ പുതുതായി മാവേലിസ്റ്റോർ തുടങ്ങാനുള്ള ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശം പരിഗണിച്ച് വെള്ളോറയിൽ മാവേലിസ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ കക്കറയിലും തുടർന്ന് വെള്ളോറയിലും മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നിവേദനങ്ങൾ ലഭിച്ചതിനെത്തുടർന്ന് ഇതിന്റെ സാധ്യതാ പഠന റിപ്പോർട്ടിനായി കോഴിക്കോട് മേഖലാ മാനേജർക്ക് നൽകുകയുണ്ടായി. എന്നാൽ, രണ്ട് സ്ഥലങ്ങളും ഒരുപോലെ ശുപാർശ ചെയ്യപ്പെട്ടതിനാലും കക്കറയിൽത്തന്നെ മാവേലി സ്റ്റോർ തുടങ്ങണമെന്ന് ജനപ്രതിനിധികൾ ആവശ്യപ്പെട്ടതിനാലും കക്കറയിൽ മാവേലിസ്റ്റോർ തുടങ്ങുന്നതിന് ഉത്തരവായി. എന്നാൽ, ഈ തീരുമാനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് ശ്രീ. ജിതിരാജ്, വെള്ളോറ, കണ്ണൂർ എന്ന വ്യക്തി വെള്ളോറയിൽത്തന്നെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായി അപേക്ഷിച്ചുകൊണ്ട് 15000/13 നമ്പർ റിട്ട് പെറ്റീഷൻ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തു. ഈ റിട്ട് പെറ്റീഷനിലെ വിധിയനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുകയും അതേ തുടർന്ന് 31-8-2013-ലെ സർക്കാർ ഉത്തരവനുസരിച്ച് കക്കറയിൽത്തന്നെ സ്റ്റോർ അനുവദിക്കുന്നതിന് ഉത്തരവാകുകയും ചെയ്തു. എന്നാൽ ഈ ഉത്തരവിനെതിരെ ശ്രീമതി റ്റി.എസ്. രാധാമണി എന്നൊരാൾ 23004/13 നമ്പരായി വീണ്ടും ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. ഈ പെറ്റീഷൻ തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ഉത്തരവ് നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

(ബി) പരിശോധിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ ചീക്കിലോട് മാവേലി സ്റ്റോർ

248 (7219) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിലെ ചീക്കിലോട് അനുവദിച്ച മാവേലിസ്റ്റോർ തുടങ്ങാൻ കാലതാമസം നേരിടുന്നതെന്തു കൊണ്ടെന്ന് അറിയിക്കുമോ ;